# സാഹിതി

വാർത്താപത്രിക 2

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019

എഴുത്തരങ്ങ് സാംസ്കാരികോൽസവം












# വായനയുടെ
# വിത്തും വെയിലും മഴയും



കെജിഎസ്

? എങ്ങനെയായിരുന്നു കെജിഎസ്സിന്റെ വായനാജീവിതത്തിന്റെ തുടക്കം?

= വാക്കും വാക്യവും വഴങ്ങിത്തുടങ്ങിയ ചരിത്രാരംഭകാലത്ത്, വീട്ടിലും സ്കൂളിലും ഗ്രാമത്തിലും പുലർന്ന പുസ്തകക്ഷാമമില്ലായ്മയുടെ തോട്ടത്തിലെ ഇളവെയിലിൽ കൊറിച്ച് രസിച്ച് നടന്ന ഒരു അണ്ണാർക്കണ്ണനായിരുന്നു ഞാൻ, മനുഷ്യാവതാരം വരിക്കുംമുമ്പ്.

? ഏറ്റവും രസിച്ച, സ്വാധീനിച്ച പുസ്തകങ്ങൾ- ലോകസാഹിത്യത്തിൽ, ഇന്ത്യൻ സാഹിത്യത്തിൽ?

= ഈഡിപ്പസ്, കാരമസോവ് സഹോദരന്മാർ, ആരോഗ്യനികേതനം, കഴുകത്തൊള്ളായിരം കഥകളും കാക്കത്തൊള്ളായിരം കവിതകളും ചിന്തകളും.

? 2018ൽ വായിച്ച പുസ്തകങ്ങൾ?

= മൈക്കുകളിൽനിന്നും പ്രസംഗവേദികളിൽനിന്നും അകലം പാലിക്കുന്നവർക്ക് വായിക്കാൻ ബാംഗ്ലൂരിലെ ദിവസങ്ങൾ സമയം നീട്ടിത്തരും. അതിനാൽ വായിച്ചു, മലയാളത്തിലും ഇംഗ്ലീഷിലും.

The Tibetan Book of Living and Dying by Sogyal Rinpoche, Writing Pakistan ed.Mushtaq Bilal, Hindutva by U.R.Ananthamurthy, Tamil - A Biography by David Schulman...

? ഇ-വായനയെക്കുറിച്ച്?

= കിന്റിലിൽ പുസ്തകങ്ങളുണ്ട്. ഇന്റർനെറ്റിൽ ഏറ്റവും പുതിയ ലോകകവിത സുലഭം. അവ തിരയാറും വായിക്കാറുമുണ്ട്. നാളത്തെ വായന ഇന്നത്തേക്കാൾ കൂടുതൽ വായുവിൽ അച്ചടിച്ച ആ പുസ്തകങ്ങളും ജേണലുകളും സിനിമകളുമായിരിക്കാം. എന്നാലും, ഇന്നെനിക്കിഷ്ടം കടലാസിൽ അച്ചടിച്ചവ കൈയിലെടുത്ത് പിടിച്ച് വായിക്കാനാണ്. അടയാളംവെച്ച പേജിലേക്ക് ഉന്മേഷത്തോടെ തിരിച്ചെത്തൽ ഓർക്കാൻതന്നെ ബഹുസുഖം.

? വായന എഴുത്തിനെ എങ്ങനെയൊക്കെയാണ് പ്രലോഭിപ്പിക്കുന്നത്?

= അനുഭവങ്ങളുടെ പാടത്ത് വായനയുടെ വിത്തും വെയിലും മഴയും ഈണങ്ങളും വീണല്ലാതെ അധികം രചന വിളയുമെന്ന് തോന്നുന്നില്ല. ●



# സമീർ ബിൻസി, ഇമാം മജ്ബൂർ

## ആത്മാന്വേഷണത്തിന്റെ സംഗീതം

സൂഫിസംഗീതം, ഖവാലി, മിസ്റ്റിക് ഗസൽ, ആർദ്രഗീതങ്ങൾ... മലയാളിയുടെ സംഗീതാസ്വാദനസമ്പ്രദായത്തെ മാറ്റിപ്പണിയുകയാണ് രണ്ട് പേർ: സമീർ ബിൻസി, ഇമാം മജബൂർ. കേരളത്തിന്റെ സംഗീതപൈതൃകത്തിന്റെ അത്യപൂർവമായ ഒരു കൈവഴിയാണ് സൂഫിയാന ഗായകരും ഗവേഷകരുമായ ഇവർ പ്രതിനിധാനംചെയ്യുന്നത്.

അലിഗഡിലെ പഠനത്തിനുശേഷം തിരിച്ചെത്തിയ സമീർ ബിൻസിയെ പാട്ട് ആത്മാന്വേഷണത്തിന്റെ മറ്റൊരു വഴിയിലെത്തിച്ചു. മാപ്പിളപ്പാട്ടും ഭാവഗാനങ്ങളും പാടിയിരുന്നത് പതിയെ ഗസലിലേക്ക് വഴിമാറി. ഉള്ളിലപ്പോഴും എന്തൊക്കെയോ തിളച്ചുമറിയുന്നുണ്ടായിരുന്നു. സൂഫിയാന കൺസേർട് എന്ന് ആശയം ഉരുത്തിരിഞ്ഞതോടെ കൂടെപ്പാടാൻ ഒരാൾ വേണം, അതാര് എന്ന് ഏറെ ആലോചിക്കേണ്ടി വന്നില്ല. ഇമാം മജ്ബൂർ തന്നെ.

സൂഫി-മിസ്റ്റിക് ലോകത്തുടനീളെ പരന്നുകിടക്കുന്ന അറബി, ഉറുദു, ഫാരിസി ദാർശനികകവികളിലൂടെ, വരികളിലൂടെ ഒഴുകിപ്പരക്കലായിരുന്നു പിന്നെ. നല്ല വരികൾ തേടിയുള്ള അന്വേഷണം മലായളത്തിലെ ചിലരിലും ചെന്നുമുട്ടി. വാക്കുകൾക്കിടയിൽ ചിന്തയുടെ അത്ഭുതങ്ങൾ ഒളിപ്പിച്ചവർ. ഇച്ച മസ്താൻ, അബ്ദുറസാക്ക് മസ്താൻ, നലാപ്പറമ്പൻ മുഹ്യുദ്ദീൻ ഹാജി, മസ്താൻ കെ.വി.അബൂബക്കർ മാസ്റ്റർ, ഇമ്പിച്ചിക്കോയ തങ്ങൾ, ഫഖീർ ഇബ്രാഹിം തുടങ്ങിയവർ ബിൻസിയുടേയും മജ്ബൂറിന്റേയും പാട്ടിലൂടെ വീണ്ടും വെളിപ്പെട്ടു. വേറിട്ട യോഗാത്മക ചിന്തകളിലൂടെ സഞ്ചരിച്ച നാരായണഗുരുവും നിത്യചൈതന്യയതിയും പൊയ്കയിൽ അപ്പച്ചനും പണ്ഡിറ്റ് കെ.പി.കറുപ്പനുമെല്ലാം വരികൾക്കിടയിൽ കയറിവന്നു. ഇപ്പോൾ ഇവർ വെറും പാട്ടുകാർ മാത്രമല്ല. വിഷയങ്ങൾ അറിഞ്ഞും അനുഭവിച്ചും മറ്റുള്ളവർക്ക് പകരുന്ന ജ്ഞാനാന്വേഷകരാണ്.

മങ്കട പള്ളിപ്പുറം ഹയർ സെക്കന്ററിയിൽ അധ്യാപകനാണ് സമീർ ബിൻസി. സൗണ്ട് എഞ്ചിനീയറിങ് പഠനശേഷം മഞ്ചേരിയിൽ റെക്കോഡിങ് സ്റ്റുഡിയോ നടത്തുകയാണ് ഇമ മജ്ബൂർ. ഇവർ പാടുന്നത് സ്നേഹത്തെക്കുറിച്ചാണ്. തേടുന്നത് ശാന്തിയും സമാധാനവുമാണ്. ഹൃദയങ്ങളിൽനിന്ന് ഹൃദയങ്ങളിലേക്ക് ഈ പാട്ടുകാർ ഒഴുകിക്കൊണ്ടേയിരിക്കുന്നു. ●





വി.കെ.കെ.രമേഷ്

# ഒറ്റവൈക്കോൽ വിപ്ലവം

## ജീവിതത്തിലേക്കുള്ള മടക്കപ്പാത

‘അടുത്തനിമിഷം ജീവിച്ചിരിക്കണമോ വേണ്ടയോ എന്നു തെളിയിച്ചതിനുശേഷം മുന്നോട്ടുപോയാൽ മതി.’

അങ്ങനെ പ്രതിഭാഗംവക്കീലിന്റെ കുപ്പായത്തിലോട്ടുകയറി, ആത്മാവങ്ങ് സ്വയം വിചാരണചെയ്യുന്ന, ചെയ്യപ്പെടുന്ന അനുഭവം പലർക്കുമെന്നതുപോലെ എനിക്കുമുണ്ടായിട്ടുണ്ട്. കൈവശം ‘അക്കാദമിക് ആത്മാവ’ല്ലാത്തതുകൊണ്ട് നേരെച്ചൊവ്വെ ആത്മഹത്യചെയ്യിക്കാനായിരുന്നു അവന്റെ പ്ലാൻ. അല്ലെങ്കിൽതന്നെ ലോകവുമായി ബന്ധം സ്ഥാപിക്കാനുള്ള ബലം തീരെകുറഞ്ഞ ജീവിയാകുന്നു ഞാൻ. ചെരിപ്പുകൾ മുന്നിൽക്കാണും, ധരിക്കാനുള്ള കാലുകൾ എത്ര നോക്കിയാലും കാണില്ല എന്നുപറഞ്ഞമാതിരി.

അങ്ങനെ, ചത്തുപോകുകയല്ലാതെ മറ്റുവഴികളില്ലാതെയിരിക്കുമ്പോഴാണ് ഈ പുസ്തകം കൈയിൽ വന്നുപെടുന്നത്:

‘ഒറ്റവൈക്കോൽ വിപ്ലവം.’

ഒറ്റനോട്ടത്തിൽ ഇതൊരു ബദൽരീതിയിലെഴുതപ്പെട്ട കൃഷിപുസ്കതകമാണ്. മുതലാളിത്തകൃഷിയുടെ യന്ത്ര, വിഷ, നാശ, ലാഭാധിഷ്ഠിത സമവാക്യങ്ങൾക്കപ്പുറംപോയി, പ്രകൃതിയെ അതിന്റെ പാട്ടിനുവിടുക. അങ്ങനെ ജീവനെ സമഗ്രമായി അനുവദിക്കാനുള്ള നിഷ്കളങ്കമാനവികതയിലേക്കു മടങ്ങുക. ഈ സന്ദേശം പങ്കുവെക്കുകമാത്രമാണ് ഗ്രന്ഥകാരൻ. ചങ്ങാതിയെ ഗ്രന്ഥകാരനെന്നൊക്കെ വിശേഷിപ്പിക്കാമോ ആവോ.

മനോപ്രകൃതിയുടെ തനത് വിന്യാസക്രമം തിരിച്ചറിയാതെ, ജീവിതവുമെടുത്ത് വിഷക്കുപ്പിക്കു മുന്നിലെത്തിയ എന്നെപ്പിടിച്ച് മസനോബു ഫുക്കുവോക്ക എന്ന ചങ്ങാതി മരണമെന്നോ ജീവിതമെന്നോ രണ്ടറ്റമില്ലെന്നറിയിച്ചു.

പ്രകൃതിയുടെ തനത് വിന്യാസക്രമം എന്തെന്നുള്ള അന്വേഷണമായിരുന്നു പുള്ളിയുടെ വഴി. ആ വഴിപിടിച്ച് കൃഷിശാസ്ത്രജ്ഞനായ ഫുക്കുവോക്ക എത്തിയത് പൊതുസമ്മതിക്ക് പാകമാകാത്ത അറിവുകളിലാണ്: മനുഷ്യൻ കൃഷിചെയ്യുമ്പോൾ പ്രകൃതി നശിക്കുന്നു,

വിദ്യാഭ്യാസം തുടങ്ങുന്നതോടെ മനുഷ്യനിൽ സംഭവിക്കുന്നതും മറ്റൊന്നല്ല. എങ്ങനെയുണ്ട്? കഴിഞ്ഞില്ല, മനുഷ്യബുദ്ധി സ്വമേധയാ പ്രകൃതിക്ക് എതിരാണ്. പുരപ്പുറത്തു കയറി ചാടിത്തുള്ളി ഓടുപൊട്ടിച്ച വിഡ്ഢി, മഴ വരുമ്പോൾ വരുത്തിവെച്ച പഴുതുകളടച്ച് താൻ നേട്ടം കൊയ്തു എന്നു പറഞ്ഞാൽ എന്തു മനസ്സിലാക്കണം? മനുഷ്യശ്രമങ്ങളെ പുള്ളി കാണുന്നതിങ്ങനെയാണ്.

ഈ പുസ്തകത്തിലൂടെ ചങ്ങാതി പറഞ്ഞതത്രയും കളരിഗുരുവിനെപ്പോലെ എന്നെയെടുത്ത് ചവിട്ടിയുഴിഞ്ഞു: 1. പ്രകൃതിയെ അറിയുക അസാദ്ധ്യം. പ്രകൃതിയെന്ന് ഒരാൾ അറിയുന്നത് അയാൾക്കു ഉളിലുദിക്കുന്ന പ്രകൃതിസങ്കല്പം മാത്രമാണ്. 2. ആകമാനത്തിൽനിന്ന് ഒറ്റതിരിച്ചു കാണുന്നത് യഥാർത്ഥ വസ്തുവല്ല. 3. രുചിയുളളതു തിന്നണമെന്ന കൊതി തീരുമ്പോൾ തിന്നുന്നതെന്തും രുചികരമായിത്തീരും. 4. വേർതിരിച്ചുകാണാത്ത അറിവിന്റെ സാക്ഷാത്ക്കാരത്തിന് ഉൾക്കണ്ണിന്റെ നേർനോട്ടമല്ലാതെ മറ്റു മാർഗ്ഗമില്ല. 5. പഞ്ചരസം രസനേന്ദ്രിയത്തിനു വിഷയമാകുന്നുണ്ടെങ്കിലും അനുഭവബിംബങ്ങളെ ശേഖരിക്കുന്നതും വ്യാഖ്യാനിക്കുന്നതും മനസ്സാണ്. അപഗ്രഥനംകൊണ്ടോ, നാവറ്റംകൊണ്ടോ രുചിയെ നിർവചിക്കാനാവില്ല.

അകംപുറങ്ങളിൽ ഒരുമിച്ചലഞ്ഞുകൊണ്ട് ജ്ഞാതാജ്ഞാതങ്ങളുടെ അതിർവരമ്പുപിടിച്ചവനാണ് ഫുക്കുവോക്ക. എത്തിയപ്പോൾ, കണ്ടുകിട്ടാൻ അവിടെയെന്നല്ല എവിടെയും അങ്ങനൊരു വരമ്പില്ല!

മൈക്രോബയോളജിയിൽ പരിജ്ഞാനവും, സസ്യരോഗങ്ങളെക്കുറിച്ച് പ്രത്യേകപരിശീലനവും നേടിയ ഫുക്കുവോക്ക അഗ്രികൾച്ചറൽ കസ്റ്റംസ് ഇൻസ്പെക്ടറായിരുന്നു. ഇരുപത്തഞ്ചാംവയസ്സിൽ തന്റെ ഗവേഷണം പൊടുന്നനെ നിർത്തിവെച്ച്, എങ്ങോട്ടെന്നില്ലാതെ സഞ്ചാരം തുടങ്ങുകയായിരുന്നു അദ്ദേഹം. അനന്ത നിശാടനങ്ങൾ. കുറെനാൾ പനിപിടിച്ച് ആശുപത്രിക്കിടക്കയിൽ. പുറത്തുകടന്ന് പിന്നെയും അലഞ്ഞു. കടലിനതിരിട്ട മലമുകളിലൊന്നിൽ ഒരു പുലർക്കാലത്തുണർന്നപ്പോൾ അവ്യക്തസന്ദേഹങ്ങളൊഴിഞ്ഞ്, വിഷാദധൂമിക മാഞ്ഞ്, തനിക്കു താങ്ങായിനിന്നതെല്ലാം പോയ്മറഞ്ഞ് അദ്ദേഹം ശുദ്ധനായി. അവശേഷിച്ച ബോധം നിതാന്തമായി ആവിഷ്ക്കരിച്ചത് ഇതാണ്: 'ഇല്ല, ലോകത്തിൽ ഒന്നുമില്ല. കേവലശൂന്യത. ആത്യന്തികമായി നോക്കിയാൽ മനുഷ്യജീവിക്ക് ലക്ഷ്യമൊന്നുമില്ല. ഇല്ലാത്തത് കിനാക്കണ്ടു ജീവിതത്തിന് അർത്ഥം കണ്ടെത്താനാണ് ശ്രമങ്ങൾ. ഏകാംഗ മൽപിടുത്തമത്സരം. പ്രകൃതി ഉല്ലാസമയമാണ്, മനുഷ്യൻ സന്താപത്തിലും.'

തന്റെ അനുഭവത്തെ ഫുക്കുവോക്ക ആവിഷ്ക്കരിക്കുന്നതിങ്ങനെ: 'എനിക്കാധാരമായിരുന്ന ധാരണകൾ, അസ്തിത്വസങ്കല്പംതന്നെയും കേവലം ശൂന്യമെന്നു ഞാൻ കണ്ടു. എന്റെ ചേദന മേദസ്സറ്റു തെളിമയുറ്റതായി. ആനന്ദലഹരിയിൽ ഞാൻ നൃത്തംചെയ്തു. മരച്ചില്ലകളിൽ കിളികൾ ചിലക്കുന്നതെനിക്കു കേൾക്കാം. അകലെ കടലലകളിൽ അരുണകിരണങ്ങളുടെ മിന്നിത്തിളക്കം. അരികെ തുള്ളിക്കളിക്കുന്ന ഇലകളിൽ പച്ചത്തിളക്കം. ഇതാണ് സ്വർഗ്ഗം. എന്റെ അല്ലലെല്ലാം പാഴ്ക്കിനാവെന്നമട്ടിൽ പോയിമറഞ്ഞു. ആ സ്ഥാനത്ത് ശരിയായ പ്രകൃതി എന്ന എന്തോ ഒന്നു മറനീക്കി പുറത്തുവന്നു...'

ജപ്പാനിൽനിന്നും തെന്നലുമൊത്തു ദേശാടനം നടത്തി കടന്നുവന്ന ഈ പുസ്തകം എന്നെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നു. ഒറ്റനോട്ടത്തിൽ ജീവിതനിഷേധമെന്നു തോന്നാവുന്നതിനു പിന്നിലെ ജീവിതത്തിന്റെ നിഷ്കപടസൗന്ദര്യം സഫലമായ അർത്ഥശൂന്യതയോടെ കയറിവന്ന്, പേറെടുത്ത്, എന്നെ പുറത്തിട്ടുതന്നു. ഒന്നുമില്ലായ്മയുടെ രസം അപസ്മാരവൈദ്യുതിപോലെ ഇടക്കിടെ കിട്ടിക്കൊണ്ടിരിക്കുന്നതിനുപുറത്ത്, നാലുകൊല്ലം ഞാൻ ചുമ്മാതിരുന്നു. എഴുതാതെ, വരക്കാതെ, അഹന്ത നിലനിർത്താനാവശ്യമായ പ്രധാന മൽപിടുത്തങ്ങളൊക്കെയൊഴിവാക്കി ചുമ്മാ കഴിഞ്ഞുകൂടി. മോഹങ്ങളകന്ന ആകാശം ശുഭ്രവും, സുന്ദരവും, സുതാര്യവും, വിശാലവുമാണെന്ന ക്ഷണികദർശനവും സുഖാനുഭൂതിയും മാറിമാറി മിന്നിച്ചുകിട്ടിക്കൊണ്ടിരുന്നു. ഇത്തരം ശൂന്യതാബോധം പകർന്ന തൂവൽ കാർപ്പെറ്റിൽ പറക്കാൻ തുടങ്ങിയപ്പോഴാണ് സത്യത്തിൽ ഹാസ്യം എന്നെ പരമസൗമ്യമായി പിടിയിട്ടത്. ഹാസ്യത്തിലേക്കെത്തിച്ചതിന്റെ ഉത്തരവാദി മസനോബു ഫുക്കുവോക്കയും, ഒറ്റവൈക്കോൽവിപ്ലവം എന്ന അദ്ദേഹത്തിന്റെ പുസ്തകവും, അദ്ഭുതകരമായി അതു മൊഴിമാറ്റംനടത്തിയ സി.പി.ഗംഗാധരനുമാണ്.

ഹാസ്യം അർത്ഥരാഹിത്യത്തിന്റെ സഫലപ്രതിച്ഛായയാകുന്നു, അതിന്റെ നിതാന്തമായ പുഞ്ചിരിയും. ●





വി.എം.ദേവദാസ്

# ചെനാമാൻ

## ഷെഹാൻ കരുണതിലകയുടെ ക്രിക്കറ്റ് ഇതിഹാസം

**കോ**ളജുകാലത്തിനുശേഷം ശ്രീലങ്കൻ മ്യൂസിക് ബേന്റുകളിൽ ഗിറ്റാർ വായിച്ചുനടക്കുകയും കോപ്പിറൈറ്ററായി ജോലി ചെയ്യുന്നതിനിടെ നോവലെഴുതുകയും 'പെയ്ന്റർ' എന്ന ആദ്യനോവൽ Gratiaen പുരസ്കാരത്തിന് ഷോട്‌ലിസ്റ്റ് ചെയ്തെങ്കിലും പിന്നീടത് പ്രസിദ്ധീകരിക്കാതിരിക്കുകയും കോപ്പിറൈറ്ററിൽനിന്ന് സ്വതന്ത്ര പത്രപ്രവർത്തകനായും ക്രിയേറ്റീവ് ഡയറക്റ്ററായും ഉയരുന്നതിനിടെ വീണ്ടും ഒരു നോവലെഴുതി Gratiaen പുരസ്കാരം ലഭിക്കുകയും അത് ഹിറ്റാക്കി മാറ്റുകയും ചെയ്യുക. ശ്രീലങ്കൻ എഴുത്തുകാരനായ ഷെഹാൻ കരുണതിലകയുടെ ജീവിതത്തിനും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾക്കും സാമ്യതകൾ ഏറെയാണ്. ഇത്തരം വ്യത്യസ്ത ജീവിതസാഹചര്യങ്ങൾ നൽകിയ അനുഭവങ്ങളാണ് ചതികൾ നിറഞ്ഞ ഒരു ക്രിക്കറ്റ് പിച്ചിൽ എത്തുന്ന കളിക്കാരന്റെ മാനസികാവസ്ഥയെ എഴുത്തിൽ മറികടക്കാൻ ഷെഹാന് കഴിയുന്നത്. ചെനാമാൻ എന്ന നോവലും ഇത്തരത്തിൽ ആകസ്മികതകളുടേയും അസാധ്യങ്ങളുടേയും ആകുലതകളുടേയും ആവേശങ്ങളുടേയും ആകത്തുകയാണ്.

ജീവിതത്തിന്റെ അവസാന ഇന്നിങ്സ് കളിക്കാൻ ആരംഭിച്ചിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ വീജീ എന്ന പേരിൽ അറിയപ്പെടുന്ന കരുണസേന സ്പോട്സ് ജേണലിസ്റ്റ് ശ്രീലങ്കൻ ക്രിക്കറ്റിലെ, ഒരുപക്ഷേ ലോകക്രിക്കറ്റിലെത്തന്നെ ഏറ്റവും മികച്ച ബൗളറായി കരുതുന്നത് പ്രദീപ് ശിവനാഥൻ മാത്യു എന്ന കളിക്കാരനെയാണ്. അമാനുഷികമെന്ന് കരുതാവുന്നവിധം വഴക്കത്തോടെ ബൗൾ ചെയ്യുന്ന പ്രദീപൻ കളിക്കളത്തിനകത്തും പുറത്തും 'ചീത്തക്കുട്ടി'യായി ചരിത്രത്തിൽനിന്നും മറഞ്ഞതായാണ് വീജീ മനസിലാക്കുന്നത്. 1996ൽ ക്രിക്കറ്റ് വേൾഡ് കപ്പ് നടക്കുന്നതിനോടനുബന്ധിച്ച് ഒരു ഡോക്യുമെന്ററിയുടെ സ്ക്രിപ്റ്റ് തയ്യാറാക്കാനുള്ള അവസരം വീജീക്കും ആത്മമിത്രമായ അരിയരത്നെക്കും ലഭിക്കുന്നു. പ്രശസ്തരായ ശ്രീലങ്കൻ ക്രിക്കറ്റ് താരങ്ങളുടെ ലിസ്റ്റിൽ പ്രദീപ് മാത്യുവിനേയും ഉൾപെടുത്തുന്നതോടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ശ്രീലങ്കൻ ക്രിക്കറ്റ് ബോഡിൽനിന്നും മറ്റു പലയിടത്തുനിന്നും അവർക്ക് എതിർപ്പുകൾ നേരിടേണ്ടിവരുന്നു. പ്രതിബന്ധങ്ങളെ അവഗണിച്ചുകൊണ്ട് അധികമാർക്കും അറിയാതെ എങ്ങോ മറഞ്ഞിരിക്കുന്ന പ്രദീപനെ തേടിയിറങ്ങുകയാണ് വീജീയും ആത്മസുഹൃത്തും. ക്രിക്കറ്റുകളിക്കമ്പക്കാരായ മറ്റ് സുഹൃത്തുക്കൾ, അവർക്കിടയിലെ ചങ്ങാത്തവും വൈരാഗ്യങ്ങളും, വീജീയുടെ നിത്യജീവിതത്തിലെ പ്രശ്നങ്ങൾ, മദ്യപാനംമൂലം നശിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യസ്ഥിതിയും, പ്രദീപനെക്കുറിച്ചുള്ള അന്വേഷണങ്ങൾ, അത് നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങൾ എന്നിവയിലൂടെയാണ് നോവൽ മുന്നോട്ടുപോകുന്നത്. ഡോക്യുമെന്ററി ഭാഗികമായി പരാജയപ്പെടുന്നതോടെ അസ്വസ്ഥനാവുന്ന വീജീ തനിക്ക് തൊട്ടടുത്ത് നിൽക്കുന്ന മരണത്തിന് കീഴടങ്ങും മുമ്പേ പ്രദീപനെക്കുറിച്ച് ഒരു പുസ്തകമെഴുതാൻ തീരുമാനിക്കുന്നു. തന്റെ പ്രായത്തേയും ആരോഗ്യത്തേയും ബന്ധങ്ങളേയും മറന്നും മറികടന്നും അതിസാഹസികമായ ചെയ്തികളിലേക്ക്

അയാൾ എത്തിപ്പെടുന്നു. എന്നാൽ 'ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നുള്ള' മട്ടിൽ പ്രദീപ് മാത്യുവും അയാളുടെ കളചരിത്രവും വീജീയിൽനിന്നും തെന്നിമാറിക്കൊണ്ടിരിക്കുന്നു. എന്നാൽ, വീജീ വർധിതാവേശത്തോടെ പ്രദീപിന്റെ ജീവിതചരിത്രത്തിന് പിന്നാലെ യാത്രയാരംഭിക്കുന്നതോടെ ആകസ്മികതകളുടെ കളിയൊരുക്കം ആരംഭിക്കുകയാണ്. തന്റെ പുസ്തകം മുക്കാലേ മുഴുവനും തീരുന്നതോടെ വീജീ ആശുപത്രിക്കിടക്കയിലാവുകയും, ജീവിതത്തിന്റെ വിക്കറ്റ് മരണത്തിന് സമ്മാനിച്ചുകൊണ്ട് കളിക്കളത്തിൽനിന്ന് പിൻവാങ്ങുകയും ചെയ്യുന്നു. എന്നാൽ വീജീയുടെ പുസ്തകം അവിടംകൊണ്ട് തീരുന്നില്ല. ആ കൈയെഴുത്തുപ്രതി പല കൈകളിലൂടെ കടന്നുചെല്ലുക വഴി പ്രദീപിന്റെ കഥക്ക് അവിചാരിതമായ പരിണാമഗുപ്തിയുണ്ടാവുന്നു.

ചൈനാമാൻ എന്നാൽ ക്രിക്കറ്റ്ലോകത്ത് ഇടംകൈയൻ സ്പിൻ ബോളറുടെ യാഥാസ്ഥിതികമല്ലാത്ത കൈവഴക്കത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ, ആ പേരിലുള്ള നോവൽ ക്രിക്കറ്റിനെക്കുറിച്ച് മാത്രമല്ല പറയുന്നത്. ശ്രീലങ്കയുടെ ചരിത്രം, രാഷ്ട്രീയം, വംശീയവിദ്വേഷങ്ങൾ, തീവ്രവാദ ആക്രമണങ്ങൾ, സൈനികമുന്നേറ്റങ്ങൾ എന്നിവ ഇതിന്റെ അരികനുസാരികളാണ്. ക്രിക്കറ്റ് ലോകത്തെ നല്ലതും ചീത്തയുമായ എല്ലാ ഇടപെടലുകളും ഇടപാടുകളും നോവലിലും കടന്നുവരുന്നു. ജീവിച്ചിരിക്കുന്നതോ, ജീവിച്ചിരിക്കുന്നവരെന്ന് തോന്നുകയോ, മരിച്ചവരോ ആയ ക്രിക്കറ്റ് താരങ്ങൾ നോവലിൽ കഥാപാത്രങ്ങളാവുന്നു. പുസ്തകം വായന എന്നതിലുപരി ആവേശപൂർണമായ ഒരു ഇന്നിങ്സ് കളിക്കുന്നതിന്റെ അനുഭവമായിരിക്കും ഈ നോവൽ നൽകുന്നത്. ഫസ്റ്റ് ഇന്നിങ്സ്, സെക്കന്റ് ഇന്നിങ്സ്, ലോസ് ഓഫ് പ്ലേ, ഫോളോ ഓൺ, ലാസ്റ്റ് ഓവർ എന്നിങ്ങനെ തലക്കെട്ടുകളെ സാധൂരിക്കുംവിധമുള്ള അഞ്ചുഭാഗങ്ങളാണ് നോവലിലുള്ളത്. ടെസ്റ്റ് ക്രിക്കറ്റ് പുരോഗമിക്കുന്നതുപോലെ ശാന്തമായി തുടങ്ങുകയും ഇടക്ക് കളി കത്തിക്കയറുകയും മറ്റ് ചിലപ്പോൾ കളി പിൻവലിയുകയും, ഇന്നിങ്സ് ഇഴയുകയും, ശേഷം ഊഴമാറ്റം നടക്കുകയും ചില സ്പെല്ലുകളിൽ അട്ടിമറികൾ നടത്തുകയും, അവസാന ഓവറുകളിൽ വിജയപരാജയങ്ങളെ നിശ്ചയിക്കാനുള്ള ആവേശകരമായ കളിയൊരുക്കങ്ങൾ നടക്കുകയും ചെയ്യുന്ന ഘടനയും ആഖ്യാനവുമാണ് നോവലും ഉൾകൊള്ളുന്നത്. ക്രിക്കറ്റ് പ്രേമികൾക്ക് ഒരു പറുദീസയാണ് ഈ നോവൽ ഒരുക്കുന്നത്. അല്ലാത്തവർക്ക് അതിനെ ചെടിപ്പൊഴിവാക്കാൻ വിധമുള്ള ഘടനാപരീക്ഷണങ്ങളും നുറുങ്ങുപൊടിക്കൈവിദ്യകളുമെല്ലാം നോവലിൽ ആവിഷ്കരിച്ചിരിക്കുന്നു. എന്നാൽ, ആദിമധ്യാന്തം ക്രിക്കറ്റ് ലഹരി നിറഞ്ഞൊരു നോവലാണ് ചൈനാമാൻ. ജീവിതത്തിലെ നല്ലൊരു പങ്കും ചാരായത്തിൽ മുക്കിയ അരിയരത്നെ എന്ന കിഴവൻ സ്പോർട്സ് ജേണലിസ്റ്റ് 1996ൽ ശ്രീലങ്ക ലോകകപ്പ് നേടിയപ്പോൾ താൻ കുടി നിർത്തിയതിനെക്കുറിച്ച് സുഹൃത്തായ വീജീയോട് പറയുന്നത് "അർജുന രണതുംഗെ അന്ന് ഷെയ്ൻ വോണിനെ അടിച്ച ആ സിക്സർ ഒന്ന് മതി എനിക്ക് ജീവിതകാലം മുഴുവൻ ലഹരി കിട്ടാൻ" എന്നാണ്. ഇത്തരത്തിൽ കളിലഹരിയുടെ ആവേശവും വൈകാരികമായ അവസ്ഥാന്തരങ്ങളും ഫിക്ഷന്റെ കൈയടക്കവും ഘടനാപരമായ പരീക്ഷണങ്ങളും ഒരുപോലെ ചേരുന്നൊരു വായനാനുഭവമാണ് ചൈനാമാൻ തീർക്കുന്നത്. ●



# ദേശീയപുസ്തകോത്സവത്തിൽ പങ്കെടുക്കുന്ന പ്രസാധകർ

നാഷണൽ ബുക് ട്രസ്റ്റ്, ബാംഗ്ലൂർ
കൃഷ്ണമൂർത്തി ഫൗണ്ടേഷൻ, ചെന്നൈ
കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂ ഡെൽഹി
തിയോസഫിക്കൽ പബ്ലിഷിങ് ഹൗസ്, ചെന്നൈ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
അഹമ്മദിയ മുസ്ലീം ഇസ്ലാമിക് ഇന്റർനാഷണൽ പബ്ലിക്കേഷൻ
കേരള ചരിത്ര ഗവേഷണ കൗൺസിൽ, തിരുവനന്തപുരം
കിം പോസ്റ്റൽ ലൈബ്രറി, കോഴിക്കോട്
പ്രണത ബുക്സ്, കൊച്ചി
ഡിസി ബുക്സ്, കോട്ടയം
ഐ ബുക്സ്, കോഴിക്കോട്
കറന്റ് ബുക്സ്, തൃശൂർ
ഗ്രീൻ ബുക്സ്, തൃശൂർ
നാഷണൽ ബുക് സ്റ്റാൾ, തൃശൂർ
എച്ച്&സി, തൃശൂർ
പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്
ദേശാഭിമാനി ബുക് ഹൗസ്, തൃശൂർ
പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം
മാതൃഭൂമി, തൃശൂർ
ബുക്ക് ബെറീസ്, കൊച്ചി
സീഡ് ബുക്സ്, തൃശൂർ
സാഹിതി ബുക്സ്, തൃശൂർ
സമ്രാട്ട് പബ്ലിഷേഴ്സ്, തൃശൂർ
സർഗ്ഗസ്വരം, തൃശൂർ
രംഗചേതന, തൃശൂർ
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശൂർ
ലോഗോസ് ബുക്സ്, പട്ടാമ്പി
കേരള ബുക്ക് മാർക്ക്, തിരുവനന്തപുരം
മൈത്രി ബുക്സ്, തിരുവനന്തപുരം
ബുക്ക് മാർട്ട്, തൃശൂർ
കുരുക്ഷേത്ര പ്രകാശൻ, എറണാകുളം
കേരള യൂണിവേഴ്സിറ്റി
കേരള സാഹിത്യ അക്കാദമി
സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
മേഘ ബുക്സ്, ചാലക്കുടി
ദി ഹിന്ദു, കൊച്ചി
ലേബർ ഇന്ത്യ
ഗയ പുത്തകച്ചാല, തൃശൂർ
3000 ബി.സി. സ്ക്രിപ്റ്റ് മ്യൂസിയം, തൃശൂർ
ബുക്ക് മീഡിയ, പാലാ
വിചാരണ പബ്ലിക്കേഷൻസ്, തൊടുപുഴ



Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Sketch : Ima Babu | Design : Roy Akkara